(ഡി) ഭൂരഹിതരായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും അഞ്ച് ഏക്കർ വീതം ഭൂമി നൽകുന്നതിന് യോഗ്യമായ ഭൂമി കണ്ടെത്തിയിട്ടില്ല. ഇതിനകം കണ്ടെത്തിയ ഭൂമി സംബന്ധിച്ച വിവരം അനുബന്ധം-II-ൽ ചേർത്തിട്ടുണ്ട്. † പ്രാരംഭ കണക്കനുസരിച്ച് 22052 ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉള്ളതായിട്ടാണ് കണ്ടെത്തിയിരുന്നത്. ഭൂമി വിതരണം ചെയ്യുന്നതിന് അപേക്ഷകൾ പരിശോധിക്കുമ്പോൾ പ്രാരംഭ കണക്കുകളിൽ ഏറ്റക്കുറച്ചിലുകൾ കണ്ടിട്ടുണ്ട്. കൂടുതൽ സമുദായങ്ങളെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയതുമൂലവും ഭൂരഹിത ആദിവാസി കുടുംബങ്ങളുടെ കണക്കിൽ വ്യത്യാസം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ഇവ സംബന്ധിച്ച കൃത്യമായ സർവ്വേ നടത്തിയിട്ടില്ല. അതിനാൽ ഇനിയും എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകേണ്ടതായിട്ടുണ്ട് എന്ന കാര്യം കൃത്യമായ ഒരു സർവ്വേക്ക് ശേഷമേ വ്യക്തമാകുകയുള്ളു. ഇതുവരെ 3802 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിൽ നിന്നും വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മുത്തങ്ങയിലെ ആദിവാസി ഭൂസമരത്തെ തുടർന്നുള്ള ക്രിമിനൽ കേസുകൾ

120 [879] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുത്തങ്ങയിൽ നടന്ന ആദിവാസി ഭൂസമരത്തിന്റെ ഭാഗമായി എത്ര ക്രിമിനൽ കേസുകൾ നിലവിലുണ്ട് ;

(ബി) ഈ കേസുകളിൽ എത്ര പട്ടിക വർഗ്ഗക്കാർ ഉൾപ്പെടുന്നുണ്ട് ; ഇതിൽ എത്ര പേർ സ്ത്രീകളാണ് ;

(സി) പോലീസ് വെടിവെയ്പിൽ മരണപ്പെട്ട ശ്രീ. ജോഗിയുടെ കുടുംബത്തിന് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ;

(ഡി) സഹായം നൽകാതിരുന്നതിന് പ്രത്യേക കാരണം ഉണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) പട്ടികവർഗ്ഗക്കാർ പ്രതികളായിട്ടുള്ള മേൽ കേസുകളിൽ അവർക്ക് വേണ്ടി സൗജന്യമായി കേസ് നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 7 ക്രിമിനൽ കേസുകൾ. ഇവ പിന്നീട് സി.ബി.ഐ.-ക്ക് കൈമാറി.

(ബി) 170 പട്ടികവർഗ്ഗക്കാർ. ഇതിൽ 10 പേർ സ്ത്രീകളാണ്.

(സി) ഇല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി സി. കെ. ജാനു തുടങ്ങിയവർ സമർപ്പിച്ച കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ഈ കേസിൽ വിധി വന്ന ശേഷം ജോഗിയുടെ കുടുംബത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

ആദിവാസി നാടൻ കലാമേളയിൽ പങ്കെടുത്ത കലാകാരൻമാർക്കുള്ള പ്രതിഫലം

121 [880] ശ്രീ. സി. പി. മുഹമ്മദ് :
„ കെ. സി. ജോസഫ് :
„ എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഡിസംബറിൽ തിരുവനന്തപുരത്ത് വച്ച് ആദിവാസി നാടൻ കലാമേള നടത്തുകയുണ്ടായോ ;

(ബി) പ്രസ്തുത കലാമേളയിൽ എത്ര ആദിവാസികൾ പങ്കെടുത്തു ;

(സി) ഈ കലാകാരൻമാർക്ക് ഏറ്റവും കൂടിയതും ഏറ്റവും കുറഞ്ഞതുമായ പ്രതിഫലം എത്ര വീതമായിരുന്നു ;

(ഡി) കേരള പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെട്ട മറ്റു കലാപരിപാടികളിൽ പങ്കെടുത്തവർക്ക് നൽകിയ ഏറ്റവും കൂടിയതും കുറഞ്ഞതുമായ പ്രതിഫലം എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടത്തുകയുണ്ടായി.

(ബി) ആകെ 123 ആദിവാസികൾ.

(സി) ഈ കലാകാരൻമാർക്ക് എല്ലാ ടീമിനും 3000 (മൂവായിരം) രൂപ മാത്രം ഹോണറേറിയവും യഥാർത്ഥ ബസ് ചാർജും താമസ സൗകര്യവും കൂടാതെ 50 രൂപാ വീതം ഭക്ഷണത്തിനും നൽകിയിട്ടുണ്ട്.

(ഡി) നാടൻ കലാമേളയിൽത്തന്നെ 11 ടീമായി 112 പട്ടികജാതിക്കാർ പങ്കെടുത്തിട്ടുണ്ട്. ഇവർക്ക് കൊടുത്ത തുകയും മേൽപ്പറഞ്ഞ നിരക്കിൽ തന്നെയാണ്.

കുന്ദമംഗലം ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കാൻ നടപടി

122 [881] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന, സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് നിലവിലുള്ള ട്രൈബൽ ഹോസ്റ്റൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly